# മാസ്റ്റർപ്ലാൻ ഫോർ കോഴിക്കോട് അർബൻ ഏരിയ, 2035 (കരട്) പ്രകാശനം ചെയ്തു

കോഴിക്കോട് കോർപ്പറേഷൻ, ഫറൂഖ് നഗരസഭ, രാമനാട്ടുകര നഗരസഭ, ഒളവണ്ണ ഗ്രാമപഞ്ചായത്ത്, കടലുണ്ടി ഗ്രാമപഞ്ചായത്ത് എന്നീ പ്രദേശങ്ങൾ ഉൾപ്പെടുന്ന ജോയിന്റ് പ്ലാനിംഗ് ഏരിയയ്ക്കു (178.21 sq.km) വേണ്ടി മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിന് സർക്കാർ രൂപീകരിച്ച ജോയിന്റ് ടൗൺ പ്ലാനിംഗ് കമ്മിറ്റിയുടെ നേതൃത്വത്തിലും നഗര ഗ്രാമാസൂത്രണ വകുപ്പിന്റെ സാങ്കേതിക സഹായത്തോടെയും തയ്യാറാക്കിയ 'മാസ്റ്റർ പ്ലാൻ ഫോർ കോഴിക്കോട് അർബൻ ഏരിയ, 2035' (കരട്) 2016 സെപ്തംബർ 11 ഞായറാഴ്ച കോഴിക്കോട് ടൗൺ ഹാളിൽ വെച്ച് ബഹു: തദ്ദേശ സ്വയംഭരണം - ന്യൂനപക്ഷക്ഷേമം വഖഫ്, ഹജ്ജ് വകുപ്പ് മന്ത്രി ഡോ: കെ.ടി. ജലീൽ പ്രകാശനം ചെയ്തു. ഈ കരട് മാസ്റ്റർപ്ലാനിന്മേലുള്ള അഭിപ്രായങ്ങളും ആക്ഷേപങ്ങളും ക്ഷണിച്ചുകൊണ്ടുള്ള ഗസറ്റ് വിജ്ജാപനം വരുന്ന തീയതി മുതൽ അറുപത് ദിവസത്തിനകം പൊതുജനങ്ങൾക്ക് ഇത് സംബന്ധിച്ച അഭിപ്രായങ്ങളും ആക്ഷേപങ്ങളും ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകാവുന്നതാണ്. പ്രസ്തുത കരട് മാസ്റ്റർ പ്ലാൻ പ്രസിദ്ധപ്പെടുത്തുന്ന വിജ്ഞാപനം സംബന്ധിച്ച നോട്ടീസും കരട് മാസ്റ്റർ പ്ലാനും കോഴിക്കോട് കോർപ്പറേഷൻ, ഫറൂഖ് നഗരസഭ, രാമനാട്ടുകര നഗരസഭ, ഒളവണ്ണ ഗ്രാമപഞ്ചായത്ത്, കടലുണ്ടി ഗ്രാമപഞ്ചായത്ത് എന്നിവരുടെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതാണ്.